# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 267 04.02.2013-ൽ മറുപടി**

**ടി. പി. ചന്ദ്രശേഖരൻ വധകേസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. കുഞ്ഞമ്മത് മാസ്റ്റർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ വടകര ഡി.വൈ.എസ്.പി.യും സംഘവും സ്പെഷ്യൽ പ്രോസിക്യൂട്ടറും കേസിലെ സാക്ഷികളും ഒന്നിച്ച് വിചാരണ തുടങ്ങുന്നതിന് ദിവസങ്ങൾക്ക മുമ്പ് സംഭവ സ്ഥലം സന്ദർശിച്ചിരുന്നോ ; | (എ) കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ ഡി.വൈ.എസ്.പി. ശ്രീ. കെ. വി. സന്തോഷും, അന്വേഷണ സംഘാംഗമായ ഡി.വൈ.എസ്.പി. ശ്രീ. ജോസി ചെറിയാനും, അഡീഷണൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. കെ. കുമാരൻകുട്ടിയും സംഭവസ്ഥലമായ വള്ളിക്കാട്ട് സന്ദർശിച്ചിരുന്നു. പ്രസ്തുത കേസിലെ സാക്ഷികളേയും കൂട്ടി സന്ദർശനം നടത്തിയിട്ടില്ല. |
| ബി) ഇത് എന്ത് ഉദ്ദേശത്തോടെയാണെന്നും, മറ്റ് കേസുകളിൽ ഇത്തരം സന്ദർശനങ്ങൾ ഉണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; | (ബി) അഡീഷണൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ സംഭവസ്ഥലം കാണുന്നതിനുവേണ്ടിയാണ് സന്ദർശനം നടത്തിയത്. പ്രോസിക്യൂട്ടർ ആവശ്യപ്പെടുന്ന മുറയ്ക്ക് മറ്റ് കേസുകളിലും സംഭവസ്ഥലം സന്ദർശിക്കാറുണ്ട്. |
| സി) ഈ സന്ദർശനം നിയമപരമായി ശരിയായ നടപടിയാണോ ; അല്ലെങ്കിൽ ബന്ധപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ; | (സി) പ്രസ്തുത സന്ദർശനത്തിൽ നിയമവിരുദ്ധമായി ഒന്നുമില്ല. |
| ഡി) പ്രസ്തുത സന്ദർശനം ഏതെങ്കിലും വ്യക്തി മൊബൈൽ ക്യാമറയിൽ പകർത്തിയിരുന്നോ; ഈ മൊബൈൽ അന്വേഷണ ഉദ്യോഗസ്ഥരോ, ഈ സംഘത്തിലുണ്ടായിരുന്ന ആരെങ്കിലുമോ പിടിച്ചെടുത്തിരുന്നോ ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) അന്വേഷണ ഉദ്യോഗസ്ഥനായ ഡി.വൈ. എസ്.പി.യുടെ വീട് റെയിഡ് ചെയ്ത് പ്രസ്തുത മൊബൈൽ ഫോൺ പിടിച്ചെടുക്കണമെന്ന് ഏതെങ്കിലും കോടതി, എസ്.പി. ക്ക് ഉത്തരവ് കൊടുത്തതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (ഇ) ഉണ്ട്. |

| | |
|---|---|
| എഫ്) എങ്കിൽ, ഈ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോയെന്നും, ഇല്ലെങ്കിൽ, എന്തുകൊണ്ടാണ് നടപ്പിലാക്കാതിരുന്നത് എന്നും വ്യക്തമാക്കുമോ ? | (എഫ്) ബഹു. വടകര ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന്റെ 09.01.2013- ലെ സർച്ച് വാറണ്ട് പ്രകാരം കോഴിക്കോട് റൂറൽ ഭരണ വിഭാഗം ഡി.വൈ.എസ്.പി, വടകര ഡി.വൈ.എസ്.പി. ശ്രീ ജോസി ചെറിയാന്റെ ഓഫീസിലും ഔദ്യോഗിക വസതിയിലും 09.01.2013 - ൽ തന്നെ സർച്ച് നടത്തിയിട്ടുള്ളതാണ്. പ്രസ്തുത സർച്ചിൽ മൊബൈൽ ഫോൺ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതും ആയത് സംബന്ധിച്ച റിപ്പോർട്ട് ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ